"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ഫാർമക്കോളജി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.822/2024/H&FWD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.10.2022 -ലെ OA(EKM) 920/2018 കേസിലെ ഉത്തരവ്.
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 01.03.2024 എ തീയതിയിലെ ജി2/2312/2022/മെ.വി.വ. നമ്പർ കത്ത്.
3. 15.03.2024 ലെ സ.ഉ(സാ.ധാ) 809/2024/ആ.കു.വ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (3) ഉത്തരവ് പ്രകാരം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ പി.എസ്.സി നിയമന ശുപാർശ തീയതിയെ അടിസ്ഥാനമാക്കിയ ലിസ്റ്റിൽ ഉൾ പ്പെട്ടവരും അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് നാഷണൽ മെഡിക്കൽ കമ്മീഷൻ് നിഷ്കർഷിച്ചിട്ടുള്ള പേപ്പർ പബ്ളിക്കേഷൻ നടത്തിയിട്ടുള്ളവരുമായ അസിസ്റ്റൻറ് പ്രൊഫസർമാർക്ക് 30/09/2024 നോ അതിനു മുമ്പോ ബേസിക് കോഴ്സുകൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥക്ക് വിധേയമായി അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ഇത്തരത്തിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവരും 30/09/2024 നോ അതിനുമുമ്പോ ബേസിക് കോഴ്സുകൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുമായ അസോസിയേറ്റ് പ്രൊഫസർമാരെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലേക്ക് റിവേർട്ട് ചെയ്ത് പ്രസ്തുത ഒഴിവിലേക്ക് ബേസിക് കോഴ്സുകൾ പൂർത്തിയാക്കിവരെ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

മേൽസാഹചര്യത്തിലും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ കണക്കിലെടുത്തും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഫാർമക്കോളജി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ താഴെപ്പറയും പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.പാർവതി വി നായർ - ക്ക് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക

സ്ഥാനക്കയറ്റം നൽകി ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

2. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. പ്രശാന്ത് എം - ന് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
3. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. രശ്മി ഡൗഗ്ലസ് - ന് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
4. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ഹസീന കെ എ - ക്ക് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
5. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. റീമ റ്റി - ക്ക് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
6. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ലല്ലി എം.എസ് - ന് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
7. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ഡോൺജി എസ് ആർ - ന് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
8. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മുഹമ്മദ് സലിം വലിയതൊടി - ക്ക് പരാമർശം 3 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
9. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ധന്യ എസ് പി - ക്ക് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
10. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സ്കറിയ തോമസ് പി - ക്ക് അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
11. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജിനീഷ് ജോസിന് രാമർശം 3 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അസോസിയേറ്റ് പ്രൊഫസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

മേൽ താൽക്കാലിക സ്ഥാനകയറ്റം ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾക്ക്

അനുസൃതമായി സീനിയോരിറ്റി ലിസ്റ്റ് അന്തിമമാക്കുന്നതിനും, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മുമ്പാകെയുള്ള വിവധ കേസുകളിലും, SLP(C) കളിലുമുള്ള അന്തിമ വിധിന്യായത്തിനും വിധേയമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU.O.

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസവകുപ്പ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്,

തിരുവനന്തപുരംകൊല്ലം/കോന്നി/ആലപ്പുഴ/ഇടുക്കി/ തൃശ്ശൂർ/മഞ്ചേരി/കോഴിക്കോട്/വയനാട് കണ്ണൂർ

ബന്ധപ്പെട്ട ഡോക്ടർമാർക്ക് (മെഡിക്കൽ വിദ്യാഭ്യാസവകപ്പ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (ബി4/111/2022)

ഉത്തരവിൻ പ്രകാരം

Signed by Royi J
Date: 16-03-2024 14:11:40
Reason: Approved

സെക്ഷൻ ഓഫീസർ